വില്ലേജ് ആഫീസ് രേഖകളുടെ കംപ്യൂട്ടർവൽക്കരണം

84 [2136] ശ്രീ. ജി. കാർത്തികേയൻ:
ശ്രീമതി ശോഭനാ ജോർജ്:
ശ്രീ. കെ. എ. ചന്ദ്രൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ആഫീസ് റെക്കോർഡുകൾ കംപ്യൂട്ടർവൽക്കരിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) വില്ലേജ് ആഫീസുകളിലെ ഏതെല്ലാം രേഖകളാണ് കംപ്യൂട്ടർവൽക്കരിക്കുന്നത്;

(സി) ഈ രേഖകളിലെല്ലാം കംപ്യൂട്ടർവൽക്കരണ തീയതിയിൽ മുഴുവൻ വിവരങ്ങളും ഉൾക്കൊള്ളുന്നുണ്ടോ;

(ഡി) ഭൂമിയിന്മേൽ നടത്തിയിട്ടുള്ള എല്ലാ കൈമാറ്റങ്ങളുടേയും തീറാധാരങ്ങളുടേയും വിവരങ്ങൾ വില്ലേജാഫീസിൽ ലഭ്യമാണോ;

(ഇ) ഓരോരുത്തരുടേയും ഉടമസ്ഥതയിലുള്ള ഭൂമിയുടെ സ്കെച്ചും പ്ലാനും വില്ലേജാഫീസുകളിൽ ലഭ്യമാണോ;

(എഫ്) ഈ രേഖകൾ കൃത്യമായില്ലാതെ വില്ലേജ് ഓഫീസ് രേഖകളുടെ കംപ്യൂട്ടർവൽക്കരണം എപ്രകാരം വിജയകരമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കംപ്യൂട്ടർവൽക്കരണ നടപടികൾ താലൂക്ക് അടിസ്ഥാനത്തിൽ പുരോഗമിച്ചുവരുന്നുണ്ട്.

(ബി) ബേസിക് ടാക്സ് രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ, പുറംപോക്ക് രജിസ്റ്റർ, തരിശ് രജിസ്റ്റർ, ഫീൽഡ് മെഷർമെന്റ് ബുക്ക് എന്നിവയാണ് കംപ്യൂട്ടർവൽക്കരിക്കുന്ന രേഖകൾ. കൂടാതെ സർട്ടിഫിക്കറ്റ് നൽകുന്ന പ്രക്രിയയും കംപ്യൂട്ടർവൽക്കരിക്കുവാൻ ഉദ്ദേശ്യമുണ്ട്.

(സി) കംപ്യൂട്ടർവൽക്കരിക്കുന്ന തീയതിയിൽ ലഭ്യമായ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നതാണ്. പിന്നീട് വരുന്ന മാറ്റങ്ങൾ അപ്പപ്പോൾ നാളതീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോഴത്തെ സ്ഥിതിയിൽ പൂർണ്ണമായും ലഭ്യമല്ല. സബ് രജിസ്ട്രാർ ആഫീസിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങളുടെ പകർപ്പുകൾ വില്ലേജ് ആഫീസിൽ ലഭ്യമാകുന്നതനുസരിച്ച് വിവരങ്ങൾ വില്ലേജ് ആഫീസിൽനിന്നും ലഭിക്കുന്നതാണ്.

(ഇ) റീസർവ്വെ നടന്ന് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ റീസർവെ റിക്കാർഡുകൾ തയ്യാറാക്കിയ തീയതിയിലെ സ്ഥിതി അനുസരിച്ചുള്ള കൈവശ ഭൂമിയുടെ സ്കെച്ചും പ്ലാനും ലഭ്യമാണ്. തുടർന്നുവന്നിട്ടുള്ള കൈവശമാറ്റങ്ങൾ റീസർവ്വെ അധികാരികളെയോ, വില്ലേജ് ഉദ്യോഗസ്ഥരെയോ അറിയിക്കുന്ന മുറയ്ക്ക് സ്കെച്ചിൽ മാറ്റം വരുത്താറുണ്ട്. റീസർവ്വെ നടപ്പിലാക്കാത്ത വില്ലേജുകളിൽ നേരത്തെ നിലവിലുള്ള സ്കെച്ച്, പ്ലാൻ എന്നിവ ലഭ്യമാണ്.

(എഫ്) റീസർവ്വെ പൂർത്തിയാക്കി തുടർന്ന് വരുന്ന മാറ്റങ്ങൾ അപ്പപ്പോൾ രേഖയിൽ ചേർത്ത് കൃത്യമായി ഭൂരേഖകൾ കംപ്യൂട്ടർവൽക്കരിച്ച് സൂക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്.

ഭൂവിനിയോഗ നിയമത്തിൽ നിന്ന് ഒഴിവാക്കാൻ നടപടി

85 [2138] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് സെന്റ് വരെ ഭൂമിയുള്ളവർക്ക് വീടുവയ്ക്കുന്നതിന് ഭൂവിനിയോഗ നിയമത്തിൽനിന്ന് ഒഴിവ് നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) അഞ്ച് സെന്റ് വരെ ഭൂമിയുള്ളവർക്ക് വീടുവയ്ക്കുന്നതിന് ഭൂവിനിയോഗ നിയമത്തിൽ നിന്ന് ഒഴിവ് നൽകാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ മറ്റ് കര ഭൂമി സ്വന്തമായിട്ടില്ലാത്തവർക്ക് വീട് വയ്ക്കുന്നതിനുവേണ്ടി ചില വ്യവസ്ഥകൾക്ക് വിധേയമായി 3 സെന്റ് നിലം നികത്താൻ പൊതുവെ അനുമതി നൽകാവുന്നതാണെന്നും എന്നാൽ ഇത് വലിയ തോതിൽ കൃഷിനിലം നികത്താനുള്ള ഉപാധിയാക്കരുത് എന്നും സർക്കാർ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly